# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3803

20.10.2016-ൽ മറുപടിക്ക്

## പാർപ്പിട പ്രശ്നം പരിഹരിക്കാനെടുത്ത നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി. എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കുകയെന്ന ലക്ഷ്യം മുൻനിറുത്തി 2016-17 ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ;<br><br>(ബി) നടപ്പുസാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിയ്ക്കുമെന്നുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ പ്രവർത്തനങ്ങൾ എത്രത്തോളമായെന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള മതിപ്പ് ചെലവ് എത്രയെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും<br>കേരളത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്.<br>പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ